"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാർക്ക് 2026 ലെ ഓണത്തോടനുബന്ധിച്ച് 2025-26 വർഷത്തെ ബോണസും അനുബന്ധ ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.397/2026/TSM തീയതി,തിരുവനന്തപുരം, 22-08-2026

---

പരാമർശം:- 1. 14.08.2026 ലെ G.O.(P) 48/2026/LBR നമ്പർ ഉത്തരവ്.

2. 19.08.2026 ൽ കെ.ടി.ഡി.സി. മാനേജ്മെന്റുമായും അംഗീകൃത തൊഴിലാളി സംഘടന പ്രതിനിധികളുമായും ബഹു. വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനം.

3. കെ.ടി.ഡി.സി മാനേജിംഗ് ഡയറക്ടറുടെ KTDC/PA4/4071/2026 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (2)-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാർക്ക് 2026 ലെ ഓണത്തോടനുബന്ധിച്ച് **2025-26** വർഷത്തെ ബോണസും അനുബന്ധ ആനുകൂല്യങ്ങളും ചുവടെ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച ആനുകൂല്യങ്ങളിൽ കുറവില്ലാത്ത വിധത്തിൽ, നിലവിലെ സാമ്പത്തിക സ്ഥിതിയും ബാധകമായ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പരിഗണിച്ച്, ഈ വർഷവും ബോണസും അനുബന്ധ ആനുകൂല്യങ്ങളും അനുവദിക്കേണ്ടതാണ്.

2. ബോണസ്:

(a) ബോണസിന് അർഹരായ സ്ഥിരം ജീവനക്കാർക്ക്, Payment of Bonus Act, 1965-ലെ വ്യവസ്ഥകൾക്ക് വിധേയമായി, 8.33% നിരക്കിൽ ബോണസ് അനുവദിക്കേണ്ടതാണ്.

(b) ബോണസിന് നിയമപരമായി അർഹതയില്ലാത്ത ജീവനക്കാർക്ക്, ബാധകമായ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി, ₹3,000/- ഉത്സവബത്ത അനുവദിക്കേണ്ടതാണ്.

3. തിരിച്ചു പിടിക്കാവുന്ന അഡ്വാൻസ്:

(a) സ്ഥിരം ജീവനക്കാർക്ക് ₹20,000/- അനുവദിക്കേണ്ടതാണ്.

(b) കെ.ടി.ഡി.സി. ലിമിറ്റഡുമായി നേരിട്ട് കരാറിൽ ഏർപ്പെട്ട് ജോലി ചെയ്യുന്ന അർഹരായ തൊഴിലാളികൾക്ക് ₹6,000/- തിരിച്ചുപിടിക്കാവുന്ന അഡ്വാൻസ് അനുവദിക്കേണ്ടതാണ്.

4. കെ.ടി.ഡി.സി. ലിമിറ്റഡിന്റെ നേരിട്ടുള്ള ട്രെയിനികൾക്കു (പഠനത്തിന്റെ ഭാഗമായി / പരിശീലിക്കുന്നവർ (IET) ഒഴികെ), കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കെ.ടി.ഡി.സി. ലിമിറ്റഡിൽ ഉണ്ടായിരുന്നവർക്കും ഈ വർഷം ഉത്സവ ബത്ത വിതരണം ചെയ്യുന്ന ദിവസം

റോളിൽ തുടരുന്നതുമായിട്ടുള്ള ട്രെയിനികൾക്കു ആനുപാതിക മാസ നിരക്കിൽ ₹5,000/- ഉത്സവ ബത്ത അനുവദിക്കേണ്ടതാണ്.

5. കഴിഞ്ഞ സാമ്പത്തിക വർഷം പുറം കരാർ ഏജൻസിയുടെ കീഴിലുണ്ടായിരുന്നതും ഇപ്പോൾ തുടരുന്നവരുമായ ജീവനക്കാർക്ക് ആനുപാതിക മാസ നിരക്കിൽ ₹9,000/- പ്രത്യേക ഉത്സവ ബത്ത /ബോണസ് ഇനത്തിൽ അനുവദിക്കേണ്ടതാണ്.

6. ദിവസവേതന ജീവനക്കാർക്ക് Payment of Bonus Act-ലെ ബാധകമായ വ്യവസ്ഥകൾ പ്രകാരമുള്ള ബോണസ് അനുവദിക്കേണ്ടതാണ്.

7. കൺസൾട്ടൻസി അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്നവർക്ക് ₹3,000/-പ്രത്യേക ഉത്സവബത്ത അനുവദിക്കേണ്ടതാണ്.

8. അപ്പ്രെന്റ്റിസ് ട്രെയിനികൾക്കു ₹1,500/- പ്രത്യേക ഉത്സവബത്തയായി അനുവദിക്കേണ്ടതാണ്.

9. മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾക്ക് പുറമെ, കെ.ടി.ഡി.സി. ലിമിറ്റഡിലെ എല്ലാ സ്ഥിരം/കരാർ ജീവനക്കാർക്കും ₹3,000/- വീതം പെർഫോമൻസ് ഇൻസെന്റീവ് അനുവദിക്കേണ്ടതാണ്.

2) മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള അർഹത, സേവനകാലയളവ്, ആനുപാതിക കണക്കാക്കൽ, മറ്റ് ബാധകമായ നിബന്ധനകൾ എന്നിവ ബന്ധപ്പെട്ട ചട്ടങ്ങൾ/സർക്കാർ ഉത്തരവുകൾക്ക് വിധേയമായിരിക്കും.

3) ജീവനക്കാർക്ക് ബോണസ് നൽകുന്നതുമായി ബന്ധപ്പെട്ട പരാമർശം (1) ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം

BINDU C VARGHES

അഡിഷണൽ സെക്രട്ട

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ് II), കേരള, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി. (TOUR-B1/136/2026-TOUR)

ഉത്തരവിൻ പ്രകാര

Digitally signed by
Sibil Senan
Date: 22-08-2026
13:16:20

സെക്ഷൻ ഓഫീസ

പകർപ്പ്:-

വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്